# REGIONAL AGRICULTURAL RESEARCH STATION

**KERALA AGRICULTURAL UNIVERSITY**

Mele Pattambi (PO), Palakkad District, 679 306 (PIN), Kerala

Email : adrptb@kau.in, rarsptb@kau.in URL: http://rarsptb.kau.in Ph : 0466-2212228


*പത്രക്കുറിപ്പ്*

## സംരഭകത്വ പരിശീലന പരിപാടി

അഗ്രി ക്ലിനിക്ക് ആന്റ് അഗ്രി ബിസിനസ്സ് സെന്റർ പദ്ധതിയുടെ ഭാഗമായി പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ **സംരഭകത്വവും സ്വയംതൊഴിൽ അവസരങ്ങളും** എന്ന വിഷയത്തിൽ 45 ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. 21 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള താഴെ പറയുന്നതിൽ ഏതെങ്കിലും യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

- സംസ്ഥാന കാർഷിക സർവ്വകലാശാലയിൽ നിന്നോ കേന്ദ്ര കാർഷിക സർവ്വകലാശാലയിൽ നിന്നോ ഭാരത സർക്കാരിന്റെ കൃഷി, കാർഷിക ക്ഷേമ, സഹകരണ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നോ കൃഷി ശാസ്ത്രത്തിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം.
- പരിസ്ഥിതി ശാസ്ത്രം, ബോട്ടണി, സുവോളജി, കെമിസ്ട്രി എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ/യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നിവയുടെ അംഗീകാരമുള്ള ബിരുദം.
- കൃഷി ശാസ്ത്രത്തിലോ അനുബന്ധ വിഷയങ്ങളിലോ ഡിപ്ലോമ അല്ലെങ്കിൽ പിജി ഡിപ്ലോമ
- പഠന വിഷയത്തിന്റെ 60%-ത്തിലധികം കൃഷി ശാസ്ത്രമായിട്ടുള്ളതും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതുമായ ബിരുദം.

കോഴ്സ് സംബന്ധിച്ച വിശദ വിവരങ്ങൾക്ക് www.rarsptb.kau.in എന്ന വെബ്സൈറ്റോ, http://acabcmisgov.in എന്ന വെബ്സൈറ്റോ പരിശോധിക്കുകയോ, പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, ഓഫീസിൽ നേരിട്ട് സമീപിക്കുകയോ ചെയ്യാവുന്നതാണ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം **അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, മേലെ പട്ടാമ്പി പി.ഒ., പാലക്കാട് ജില്ല, 679 306**, എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. ഈ സ്കീമിനെകുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും പരിശീലനത്തിന് രജിസ്റ്റർ ചെയ്യാനുമായി 9446239318 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.